**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 133** | **11-10-2024 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസരംഗത്തെ നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി ജോയി,<br>ശ്രീ എം എസ് അരുൺ കുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസരംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർവകലാശാലകൾക്കുള്ളിൽ പ്രത്യേകമായ ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 20.04.2023 തീയതിയിലെ സ.ഉ.(സാധാ) നം. 576/2023/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും, 23.08.2023 തീയതിയിലെ സ.ഉ.(സാധാ) നം. 1318/2023/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും KIIFB ഫണ്ടിന്റെ പിന്തുണയോടെ ചുവടെ പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>1. കേരള സർവ്വകലാശാല ക്യാമ്പസിൽ താണു പത്മനാഭൻ സെന്റർ ഓഫ് എക്സലൻസ് ഇൻ അസ്ട്രോണമി ആന്റ് ആസ്ട്രോഫിസിക്സ്.<br>2. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആന്റ് ബ്രെയിൻ ഹെൽത്ത്.<br>3. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി.<br><br>കൂടാതെ 22.07.2024 തീയതിയിലെ സ.ഉ.(സാധാ) നം. 897/2024/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം താഴെ പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>1) Centre of excellence for Teaching, Learning and Training :-<br><br>2) Kerala Institute for Science, Technology and Innovation (KISTI):<br><br>നാനോ ടെക്നോളജി, അഡ്വാൻസ്ഡ് മെറ്റീരിയൽസ്, സിസ്റ്റംസ് ബയോളജി, ബയോഡേറ്റ അനാലിസിസ്, |

റോബോട്ടിക്സ്, എനർജി എഞ്ചിനീയറിംഗ്, ഇലക്ട്രിക് മൊബിലിറ്റി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങി ഇന്ന് ഉയർന്നുവരുന്ന വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നതിനുവേണ്ടി ഒരു മാനവിക സമൂഹത്തെ പടുത്തുയർത്തുകയും അതിൽ കൂടി ഒരു പുതിയ വിജ്ഞാനത്തിന്റെയും മാനവിക വൈദഗ്ധ്യത്തിന്റെയും ഒരു പുത്തൻ കേരളം സൃഷ്ടിക്കുകയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം.

3) Kerala Institute of Advanced Studies (KIAS):

കേരളത്തിന്റെ ചരിത്രം, സമൂഹം, സാമ്പത്തിക വ്യവസ്ഥ, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയിലുള്ള നിർവ്യാപനമായ പഠനത്തെയും ഗവേഷണ ത്തേയും ഇത് ലക്ഷ്യം വെയ്ക്കുന്നു.

4) Kerala Network for Research-support in Higher Education (KNRSHE):

കോളേജുകളിലെ അധ്യാപകരെയും ഗവേഷകരെയും കൈപിടിച്ച് ഉയർത്തുന്നതിനും സഹായിക്കുന്നതിനും ഫണ്ട് റൈറ്റിംഗിന്റെ ആക്കം നിലനിർത്തുന്നതിനും സ്വകാര്യ സ്രോതസ്സുകൾ ഉൾപ്പെടെയുള്ള വിവിധ ഏജൻസികളിൽ നിന്നും ഗവേഷണ ഫണ്ട് സ്വരൂപീക്കുന്നതിനും ഗവേഷണം നടത്താൻ അവരെ സഹായിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

5) Centre for Indigenous Peoples Education (CIPE):

തദ്ദേശീയരായ ജനങ്ങളുടെ വിദ്യാഭ്യാസ ത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും ആദിവാസി ക്ഷേമ വകുപ്പിന്റെയും സംയുക്ത സംരംഭമാ ണിത്.

6) The Kerala Institute for Gender Equality (KIGE):

സമൂഹത്തിലെ ലിംഗനീതിയും സാമൂഹ്യപരിഷ്കരണവും നടപ്പിലാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

7) Kerala Language Network (KLN):

കേരള ഭാഷ ശൃംഖല മലയാളം ഉൾപ്പെടെ വിവിധ ഭാഷകളെ വിജ്ഞാന ത്തിന്റെ ഭാഷയായി വികസിപ്പിക്കുകയും, വിവിധ സംരംഭങ്ങൾ ഏറ്റെടുത്ത് ഭാഷ കളെ പ്രോത്സാഹിപ്പിക്കുകയും സംസ്കാര ങ്ങളെ ആഘോഷിക്കുകയും ചെയ്യുകയെ ന്നതാണ് ഇതിന്റെ ലക്ഷ്യം.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവർത്തനങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണെന്നും എന്തൊക്കെ വിഷയങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും വിശദമാക്കുമോ; | (ബി) | കിഫ്ബി ധനസഹായത്തോടെയുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സർവകലാശാല തലത്തിൽ ഗവേഷണഫലങ്ങൾ പ്രായോഗികമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ? | (സി) | കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്നീ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെൻററുകൾ ആരംഭിക്കാൻ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർ നടപടികൾ സർവ്വകലാശാലാ തലത്തിൽ സ്വീകരിച്ചുവരുന്നു. കോളേജുകളുടെ സ്ഥലം വിനിയോഗിച്ച് വ്യവസായ വകുപ്പിന്റെ കൂടി നേതൃത്വത്തിൽ നടപ്പിലാക്കുന്ന ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളിലും ഇതിനുള്ള സൗകര്യങ്ങൾ ലഭ്യമായിരിക്കും. |

സെക്ഷൻ ഓഫീസർ